ST THOMAS FORANE PARISH BULLETIN

# സാന്തോം മെസഞ്ചർ
## SANTHOME MESSENGER

*Covid - 19 Special Parish Bulletin*

Volume XIII Jan-Feb 2022



PRAY FAST SERVE



# സൗമറംബ = വലിയനോമ്പ്

രക്ഷാകര ചരിത്രത്തിലെ സുപ്രധാന സംഭവം നമ്മുടെ കർത്താവിന്റെ ഉയിർപ്പായതുകൊണ്ട് ആരാധന വത്സരത്തിലെ ഏറ്റവും പ്രധാനപ്പെട്ട തിരുനാൾ ഉയിർപ്പ് തിരുന്നാളാണ്. ഇതിനൊരുക്കമായി ഉപവാസത്തിലും പ്രാർത്ഥനയിലും പ്രായശ്ചിത്തത്തിലും ചിലവഴിക്കുന്ന ഏഴ് ആഴ്ചകളാണ് വലിയനോമ്പ് അഥവാ അമ്പത് നോമ്പ് കാലം.

ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസമാണ് വലിയനോമ്പിന്റെ അടിസ്ഥാനം. കർത്താവിന്റെ പീഡാസഹനവും, മരണവും, സംസ്കാരവുമാണ് നോമ്പുകാലത്തെ ധ്യാന വിഷയം.

വലിയ നോമ്പാചരണത്തിലൂടെ നമ്മുടെ കുടുംബാംഗങ്ങൾ അനുരഞ്ജനത്തിന്റെ അനുഭവത്തിലേക്ക് വരാനുള്ള ആഹ്വാനം സ്വീകരിക്കാം.

കോവിഡ് നിയന്ത്രണങ്ങൾ അയഞ്ഞു വരുന്ന സാഹചര്യത്തിൽ വിശുദ്ധ കുർബ്ബാനയിലും, വെള്ളി, ഞായർ ദിവസങ്ങളിലെ കുരിശിന്റെ വഴിയിലും നമുക്ക് പങ്കെടുക്കാം.

സസ്നേഹം

സിറിയക് മഠത്തിലച്ചൻ സി. എം. ഐ.

നിബിൻ അരീക്കത്താഴെ അച്ചൻ സി. എം. ഐ. – 8589836838

റിജോ കളത്തിലച്ചൻ സി. എം. ഐ. – 6360169241

ജിത്തു തൊട്ടിയിലച്ചൻ സി. എം. ഐ. – 7012525386

ലിജോ തേക്കാനത്തച്ചൻ സി. എം. ഐ. – 9447718759

## പരിശുദ്ധ പിതാവിനൊപ്പം നമുക്ക് ഉക്രെയിനുവേണ്ടി പ്രാർത്ഥിക്കാം.



## A Prayer for Ukraine

God of peace and justice,

We pray for the people of Ukraine today.

We pray for peace and the laying down of weapons.

We pray for all those who fear for tomorrow,

That your Spirit of comfort would draw near to them.

We pray for the leaders of Nations,

For Wisdom, discernment and compassion

to guide their decisions.

Above all, we pray for all your precious children, at risk and in fear,

that you would hold and protect them.

We pray in the name of Jesus, the Prince of Peace.

Amen.

*This Lenten Season is the time to repent, to return to God and to enter into an intimate and deep relationship with Christ. Let us earnestly attend Holy Qurbana, stations of the Cross on Fridays and Sundays.*

# നന്ദി – സ്വാഗതം

കഴിഞ്ഞ ഒരു വർഷക്കാലം നമ്മുടെ ഇടവകയിൽ അസി. വികാരിമാരായി സേവനം നിർവ്വഹിച്ച് സ്ഥലം മാറി പോകുന്ന ബഹുമാനപ്പെട്ട നിബിൻ അരീക്കത്താഴെ അച്ചനും, റിജോ കളത്തിൽ അച്ചനും ഇടവകസമൂഹത്തിന്റെ പേരിൽ ദൈവാനുഗ്രഹവും പ്രാർത്ഥനയും നേരുന്നു. പുതുതായി അസി. വികാരിമാരായി നിയമിതരായിരിക്കുന്ന ബഹുമാനപ്പെട്ട ലിജോ തേക്കാനത്ത് അച്ചനും, ബഹുമാനപ്പെട്ട ജിത്തു തൊട്ടിയിൽ അച്ചനും, ഹാർദ്ദമായ സ്വാഗതവും, ആശംസകളും.







## ഇടവക വാർത്തകൾ

### വിശുദ്ധ ചാവറയച്ചന്റെ തിരുനാൾ

ജനുവരി 3 ന് വിശുദ്ധ ചാവറയച്ചന്റെ തിരുനാളും 150–ാം ചരമ വാർഷിക സമാപനവും ഇടവകയിൽ ആഘോഷിച്ചു. വൈകിട്ട് 6 മണിക്ക് ഇടവക ദേവാലയത്തിൽ ആഘോഷമായ വിശുദ്ധ കുർബാന, വചന സന്ദേശം, തിരുശേഷിപ്പ് വണക്കം ഉണ്ടായിരുന്നു.

### ആദ്യകുർബാന – സ്ഥൈര്യലേപന സ്വീകരണം

ആദ്യകുർബാന – സ്ഥൈര്യലേപന സ്വീകരണം 4 ബാച്ചുകളായി തിരിച്ച് ജനുവരി 11, 12 തിയതികളിൽ രാവിലെയും വൈകുന്നേരവുമായി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തി. 49 കുട്ടികൾ ആദ്യകുർബാന സ്വീകരിച്ചു. കുഞ്ഞുങ്ങളെ ഒരുക്കിയ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും അദ്ധ്യാപകർക്കും നന്ദി.















ഇടവക തിരുന്നാളിൽ നിന്ന്...














## ഇടവക തിരുന്നാളിൽ നിന്ന്...









## Student Bible Quiz - 2021 - 2022

**മണ്ഡ്യ രൂപത Commission for Bible and Catechetics നടത്തിയ Students Bible Quiz HS വിഭാഗത്തിൽ നൈന എലിസബത്ത് ജോസ് ഒന്നാം റാങ്കും അനു റോസ് ജോമോൻ മൂന്നാം റാങ്കും കരസ്ഥമാക്കി. HSS വിഭാഗത്തിൽ കാതറിൻ റോസ് ജോ നാലാം റാങ്ക് കരസ്ഥമാക്കി. ജേതാക്കൾക്ക് അഭിനന്ദനങ്ങൾ!**



Naina Elizabeth Jose
(Class 8) - Rank 1



Anu Rose Jomon
(Class 9) - Rank 3



Catherine Rose Joe
(Class 11) - Rank 4

## Holy Childhood

**Holy Childhood വിവിധ യൂണിറ്റുകൾക്കായി നടത്തിയ Rejoice കരോൾ ഗാന മത്സരത്തിൽ സെന്റ് തോമസ് ഇടവക Consolation – ഒന്നാം സ്ഥാനം കരസ്ഥമാക്കി. പങ്കെടുത്ത ടീമിന് അഭിനന്ദനങ്ങൾ!**



## Catechism Annual-Exam

Catechism Annual-Exam for $10^{th}$ $11^{th}$ and $12^{th}$ was held on $6^{th}$ Feb. and for $1^{st}$ to $9^{th}$ Std students was held on $20^{th}$ Feb. online.

## Farewell for Director and Asst Director

The catechism family of St Thomas Forane Church held a farewell meeting for Fr Rejo Kalathil CMI on 20th February 2022. The gathering was held in St Chavara hall after the 11 AM Holy Qurbana.



Rev. Fr Vicar Cyriac Madathil CMI presided the meeting and addressed the teachers. Chief trustee Mr Joy Kottackal, PTA president Mr Mathew Joseph wished Fr Rejo and Fr Nibin all the best for their future endeavors and offered prayers. Wishes and prayers were extended to Sr Glory who rendered remarkable service to Catechism over the years. A token of gratitude was presented to Fr Rejo by Fr Vicar on behalf of the catechism family.

All the catechism teachers were presented with a token of appreciation for their selfless service. The meeting concluded with lunch.

## പിതൃവേദി കുടുംബസംഗമം

**പിതൃവേദി കുടുംബസംഗമം 22–ാം തിയതി ചൊവ്വാഴ്ച വൈകിട്ട് 7 മണിക്ക് സെന്റ് ചാവറ ഹാളിൽ വച്ച് നടന്നു. പിതൃവേദിയുടെ രൂപതാ ഡയറക്ടറും വികാരിയുമായ ഫാ. സിറിയക് മഠത്തിൽ പരിപാടി ഉദ്ഘാടനം ചെയ്തു. നോർക്ക ഇൻഷുറൻസ് തിരിച്ചറിയൽ കാർഡ് വിതരണവും കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായ വിതരണവും ഇതിന്റെ ഭാഗമായി നടത്തി. പിതൃവേദിയുടെ ഈ വർഷത്തെ കർമ്മപരിപാടി അടങ്ങിയ ബുള്ളറ്റിൻ പ്രകാശനം ചെയ്തു. സ്നേഹ വിരുന്നോടെ പരിപാടികൾ സമാപിച്ചു. പിതൃവേദി രൂപതാ ഭാരവാഹികളെ ചടങ്ങിൽ വച്ച് ആദരിക്കുകയുണ്ടായി.**



## ഇടവകത്തിരുനാൾ

**ധർമ്മാരാം സെന്റ് തോമസ് ഫൊറോനയിൽ ഇടവക മദ്ധ്യസ്ഥനായ മാർ തോമാശ്ലീഹായുടെയും, രക്തസാക്ഷിയായ വിശുദ്ധ സെബസ്ത്യാനോസിന്റെയും തിരുനാൾ ഫെബ്രുവരി 18 മുതൽ 27 വരെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തി. തിരുനാളിന് ഒരുക്കമായുള്ള കൊടിയേറ്റം ഫെബ്രുവരി 18 വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് ഇടവക വികാരി ഫാ. സിറിയക് മഠത്തിൽ സി.എം.ഐ നിർവ്വഹിച്ചു. തുടർന്ന് ആഘോഷമായ വിശുദ്ധ കുർബാനയും, നൊവേനയും ഉണ്ടായിരുന്നു. ഫെബ്രുവരി 26 വരെ രാവിലെ 6.15 ന് വിശുദ്ധ കുർബാനയും, വൈകിട്ട് 6 മണിക്ക് ആഘോഷമായ വിശുദ്ധ കുർബാനയും, നൊവേനയും ഉണ്ടായിരുന്നു.**

**ഫെബ്രുവരി 26–ാം തിയതി ശനിയാഴ്ച ഇടവകയിൽ മരണമടഞ്ഞവരുടെ ഓർമ്മദിനമായി ആചരിച്ചു. രാവിലെ 6.15 ന് മരിച്ചവർക്കുവേണ്ടിയുള്ള വിശുദ്ധ കുർബാനയ്ക്കുശേഷം പള്ളിയുടെ വോൾട്ട് സിമിത്തേരിയിൽ ഒപ്പീസ് നടത്തി.**

**ഫെബ്രുവരി 26 ശനിയാഴ്ച രാവിലെ 6.15ന്റെ ദിവ്യബലിക്കുശേഷം വിവിധ വാർഡുകളിലേക്ക് അമ്പ് എഴുന്നെള്ളിപ്പ് നടത്തി.**

തിരുനാൾ ദിവസമായ ഫെബ്രുവരി 27–ാം തിയതി ഞായറാഴ്ച രാവിലെ 6.00 നും, 7.15 നും 9നും, 12നും, വൈകുന്നേരം 6 മണിക്കും ആഘോഷമായ തിരുനാൾ കുർബാന ഉണ്ടായിരുന്നു. തിരുന്നാൾ ദിവസം ഇടവകയിലെ വിവിധ ഭക്തസംഘടനകളുടെ നേതൃത്വത്തിൽ കേരള ഭക്ഷണങ്ങളുടെ സ്റ്റാളുകളും ഒരുക്കിയിരുന്നു. വൈകിട്ട് 8 മണിക്ക് കൊടിയിറക്കത്തോടെ തിരുനാൾ സമാപിച്ചു.

## കുടുംബനവീകരണധ്യാനം

തിരുനാളിനോടനുബന്ധിച്ചുള്ള കുടുംബ നവീകരണ ധ്യാനം ഫെബ്രുവരി 23, 24, 25 ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ വൈകുരേം 7.15 മുതൽ 8.45 വരെ നടത്തി. ചങ്ങനാശ്ശേരി അതിരൂപതയിലെ യുവധ്യാനഗുരു റവ. ഫാ. ജിസൻ പോൾ വെങ്ങാശ്ശേരി ആയിരുന്നു ധ്യാനം നയിച്ചത്.

## വലിയനോമ്പ് – കുരിശിന്റെ വഴി

ഫെബ്രുവരി 28–ാം തിയതി തിങ്കളാഴ്ച വിഭൂതി തിരുനാൾ ആചരിച്ച് ഇടവകജനം വലിയ നോമ്പിലേക്ക് പ്രവേശിച്ചു. നോമ്പ്കാലത്ത് ഞായറാഴ്ചകളിൽ വൈകുന്നേരം 5.30 ന് ദേവാലയത്തിനുള്ളിലും വെള്ളിയാഴ്ചകളിൽ 6 മണിയുടെ കുർബാനയ്ക്കുശേഷം ദേവാലയത്തിനുചുറ്റും കുരിശിന്റെ വഴി നടത്തപ്പെടുന്നു. കുരിശിന്റെ വഴിയ്ക്ക് നേതൃത്വം നൽകുന്ന വാർഡുകളുടെയും കോൺവെന്റുകളുടെയും ലിസ്റ്റ് നോട്ടീസ് താഴെ ചേർക്കുന്നു. ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## പ്രർത്ഥനാദിനം

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനപ്രകാരം മാർച്ച് 2 ബുധനാഴ്ച ഉക്രെയ്ൻ പ്രാർത്ഥനാദിനമായി ആചരിച്ചു. വൈകുന്നേരം 5.30 ന് ജപമാലയും ആരാധനയും ഉണ്ടായിരുന്നു.

## ഊട്ടുതിരുനാൾ

വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളും ഊട്ടുനേർച്ചയും മാർച്ച് 20–ാം തിയതി ഞായറാഴ്ച ഇടവകയിൽ ആചരിക്കുന്നു. വൈകിട്ട് 6 മണിയുടെ ആഘോഷമായ കുർബ്ബാനയെ തുടർന്നാണ് ഊട്ടുനേർച്ച.




തിരുനാൾ ഭംഗിയായി
നടത്തുതിന്
സഹകരിച്ച ട്രസ്റ്റിമാർക്കും,
സംഘടനാ – വാർഡ്
പ്രതിനിധികൾക്കും ഇടവകാംഗങ്ങൾക്കും
ഹൃദയം നിറഞ്ഞ നന്ദി.

| Sundays at 5.30 pm (Inside the Church); Fridays after 6.00 pm Holy Qurbana (around the Church) | | | |
|---|---|---|---|
| **Date** | **Day** | **Wards & Convents** | **Time** |
| 4/Mar/22 | Friday | Saveena Convent, Udhaya Bhavan (Samaritan Sisters)<br>St John's Ward, St Mary's Ward | After 6.00 pm H. Qurbana |
| 6/Mar/22 | Sunday | Alphonsa Bhavan (FCC)<br>St Francis Assisi Ward | 5.30 pm |
| 11/Mar/22 | Friday | Precious Blood Convent, SD Convent<br>St Jude Ward, St Alphonsa Ward | After 6.00 pm H. Qurbana |
| 13/Mar/22 | Sunday | Sanjeevana (SH), SCN Convent<br>St Sebastian Ward,St Chavara Ward | 5.30 pm |
| 18/Mar/22 | Friday | Sannidhana (SABS), DM Convent<br>Holy Trinity Ward, Don Bosco Ward | After 6.00 pm H. Qurbana |
| 20/Mar/22 | Sunday | Sanjeevana (SH), Shanthi Dham (SH)<br>St Paul's Ward, Infant Jesus Ward | 5.30 pm |
| 25/Mar/22 | Friday | Saveena Convent, Krupalaya<br>St George Ward, St Thomas Ward | After 6.00 pm H. Qurbana |
| 27/Mar/22 | Sunday | Besania Convent, Bethany Convent<br>St Joseph Ward, Lakksandra | 5.30 pm |
| 1/Apr/22 | Friday | Holy Family Convent(CHF)<br>Holy Family Ward, St Joseph Ward, Adugodi | After 6.00 pm H. Qurbana |
| 3/Apr/22 | Sunday | Jnanodhaya (CMC), Fransiscan Holy Cross<br>St Mariam Thresia Ward | 5.30 pm |
| 8/Apr/22 | Friday | Santhome Choir<br>SH Ward, St Xavier's Ward | After 6.00 pm H. Qurbana |
| *NB: It is obligatory to fast and abstine on Vibhoothi Thirunal & Good Friday* | | | |

## ഓർത്തിരിക്കാൻ

1. നമ്മുടെ ഇടവകയിൽ അടുത്ത അദ്ധ്യയന വർഷത്തിൽ വേദപാഠം പഠിപ്പിക്കുവാൻ അദ്ധ്യാപകരെ ആവശ്യമുണ്ട്. വിശ്വാസ പരിശീലന രംഗത്ത് ആഗ്രഹവും ആഭിമുഖ്യവും അർപ്പണ മനോഭാവവും ഉള്ള ബിരുദധാരികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു.

2. Santhome Kinder 2022–23 സ്കൂൾ വർഷത്തേക്കുള്ള Play School, Nursery, LKG, UKG അഡ്മിഷനുകൾ ആരംഭിച്ചിരിക്കുന്നു. അഡ്മിഷന് താത്പര്യമുള്ളവർ എത്രയും വേഗം പാരീഷ് ഓഫീസിൽ contact ചെയ്യുക.

3. ബൈബിൾ അച്ചടിക്കുന്നതിനായി, Fiat Mission ഉപയോഗിച്ച നോട്ടുപുസ്തകങ്ങളും ന്യൂസ് പേപ്പറുകളും ശേഖരിക്കുന്നു. കുട്ടികളുടെ ഉപയോഗിച്ച നോട്ടുപുസ്തകങ്ങളും ന്യൂസ് പേപ്പറുകളും പുതിയ ബ്ലോക്കിൽ വച്ചിരിക്കുന്ന പെട്ടിയിൽ നിക്ഷേപിക്കാവുന്നതാണ്.

## UPCOMING EVENTS

| | |
|---|---|
| March 5 Sat | Catechism class 12 students farewell |
| March 5 Sat | Special Prayer for X, XII Students |
| March 19, Sat | Feast of St. Joseph |
| March 20 Sun | *Oottuthirunnal*- 6.00 pm Holy Qurbana |
| April 8, 9 | Holy Week Preparation Retreat |
| April 10 | Palm Sunday |
| April 11, 12, 13 | Confession |
| April 14 Thu | Maundy Thursday |
| April 15 Fri | Good Friday |
| April 16 Sat | Holy Saturday - Blessing of Holy Water & Candles *(Puthan Vellam Thiri Venjarippu)* |
| April 17 Sun | Easter Sunday |
| April 24 Sun | *Puthu Njayar* |

(ദുഃഖ ശനി മുതൽ ത്രിത്വത്തിന്റെ തിരുനാൾദിനം വരെ സന്ധ്യാപ്രാർത്ഥനയോടൊപ്പം 'സ്വർലോക രാജ്ഞി ആനന്ദിച്ചാലും' എന്ന പ്രാർത്ഥന ചൊല്ലേണ്ടതാണ്.)

## GARDEN CITY MATRIMONIAL



സീറോ മലബാർ സഭയുടെ ഔദ്യോഗിക മാട്രിമണി വെബ് സൈറ്റിനോട് ചേർന്ന് മണ്ഡ്യ രൂപതക്കുവേണ്ടി GARDEN CITY MATRIMONIAL എന്ന പേരിൽ വെബ്സൈറ്റ് ആരംഭിച്ചിരിക്കുന്നു. എല്ലാ സീറോ മലബാർ രൂപതകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഈ MATRIMONIAL സൈറ്റ് വിവാഹിതരാകാൻ പോകുന്നവർക്ക് സഹാകരമായിരിക്കും. വിശദവിവരങ്ങൾക്ക് Family Apostolate വെബ്സൈറ്റ് കാണുക.

നമ്മുടെ **Vault Cemetry** യുടെ അച്ചടിച്ച **By-laws** തയ്യാറായിട്ടുണ്ട്. ഈ ഇടവകയിലെ എല്ലാ കുടുംബങ്ങളും ഒരു കോപ്പി വാങ്ങി സൂക്ഷിക്കേണ്ടതാണ്. **By-laws** ലെ നിബന്ധനകൾ പ്രകാരമായിരിക്കും **Vault Cemetry** യിൽ മൃതസംസ്കാരശുശ്രൂഷകൾ നടക്കുക. വാർഡ് കൗൺസിലേഴ്സിന്റെ പക്കൽ നിന്നും കോപ്പി എല്ലാ കുംടുംബങ്ങളും വാങ്ങി സൂക്ഷിക്കണമെന്ന് അറിയിക്കുന്നു.

